**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1976** **09-02-2023 - ൽ മറുപടിയ്ക്ക്**

**ഇ-ഓഫീസ് മുഖേന പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | വിവിധ വകുപ്പുകൾ പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകൾ ഇ-ഓഫീസ് മുഖേന പ്രസിദ്ധപ്പെടുത്തുമ്പോൾ ഡിജിറ്റൽ സൈൻ ഉൾപ്പെടുത്തിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതുകൂടി ഉൾപ്പെടുത്തി ഇ-ഓഫീസ് മുഖേന ഉത്തരവുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയങ്ങൾ പരിഹരിക്കുന്നതിന്, ഇ-ഓഫീസ് സോഫ്റ്റ്‌വെയർ വികസിപ്പിച്ച നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി) -ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | മുൻപ് പ്രസിദ്ധപ്പെടുത്തിയിരുന്ന സർക്കാർ ഉത്തരവുകളിൽ അത് പരിശോധിച്ച ഫയൽ നമ്പറുകൾ ഉൾപ്പെടുത്തിയിരുന്നെങ്കിലും നിലവിൽ അവ ഉൾപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതുകൂടി ഉൾപ്പെടുത്തി വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയങ്ങൾ പരിഹരിക്കുന്നതിന്, ഇ-ഓഫീസ് സോഫ്റ്റ്‌വെയർ വികസിപ്പിച്ച നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി) -ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പൊതുജനങ്ങൾക്ക് സർക്കാർ ഉത്തരവുകൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രസിദ്ധപ്പെടുത്തുന്ന ഇ-ഓഫീസ് വെബ്സൈറ്റിൽ വകുപ്പുകളുടെ പേരുകൾ മൂന്നോ നാലോ അക്ഷരങ്ങൾ മാത്രമായി ചുരുക്കിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പൊതുജനത്തിന് സ്വീകാര്യമാകും വിധം വകുപ്പുകളുടെ പേരുകൾ മുഴുവനായി രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയങ്ങൾ പരിഹരിക്കുന്നതിന്, ഇ-ഓഫീസ് സോഫ്റ്റ്‌വെയർ വികസിപ്പിച്ച നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി) -ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ